കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി-എ.ഡി.എസ് 2016-17 - വണ്ടൂർ നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി - ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 1574/2017/തസ** **തിരുവനന്തപുരം, തീയതി : 15.05.2017**

പരാമർശം :- (1) ജി.ഒ.(സാധാ)നം. 332/12/ധന തീയതി 11/06/2012

(2) ശ്രീ. എ.പി.അനിൽകുമാർ എം.എൽ.എയുടെ കത്ത്

(3) 27.03.2017 ാം തീയതിയിലെ പൊതുമരാമത്ത് വകുപ്പ് (Roads&Bridges), ചീഫ് എഞ്ചിനീയറുടെ CE/R&BIMNJILAC-ADSIPRICE/2017/1282 നമ്പർ കത്ത്

(4) 3.6.2014 തീയതിയിലെ സർക്കുലർ നമ്പർ 54/14/ധന

**ഉത്തരവ്**

പരാമർശം (2) പ്രകാരം വണ്ടൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. എ.പി.അനിൽകുമാർ എം.എൽ.എ യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും "കുണ്ടോട - ഉരിശ്ശ് - കിഴക്കേത്തല റോഡ് ബി.എം & ബി.സി നവീകരണ പ്രവൃത്തി (കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്)" എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് അടങ്കൽ തുകയായ അമ്പത് ലക്ഷം രൂപയ്ക്ക് ഭരണാനുമതിക്ക് വേണ്ടി അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വണ്ടൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. എ.പി.അനിൽകുമാർ , എം.എൽ.എ യുടെ 2016-17 ലെ ആസ്തിവികസന പദ്ധതിയിൽ നിന്നും " കുണ്ടോട - ഉരിശ്ശ് - കിഴക്കേത്തല റോഡ് ബി.എം & ബി.സി നവീകരണ പ്രവൃത്തി (കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്) " എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് അടങ്കൽ തുകയായ അമ്പത് ലക്ഷം രൂപ അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ഭരണാനുമതി നൽകുന്നു. പരാമർശം (4)ലെ സർക്കുലർ പ്രകാരം ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം വകുപ്പ് ആവശ്യമായ തുക ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

3 ഇതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി. എ.ഡി.എസ്'' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.കെ.മോഹനകുമാർ
ഗവ.ജോയിന്റ് സെക്രട്ടറി.

ശ്രീ. എ.പി.അനിൽകുമാർ, എം.എൽ.എ , വണ്ടൂർ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, (Roads&Bridges),പൊതുമരാമത്ത് വകുപ്പ് , തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (Roads&Bridges), പൊതുമരാമത്ത് വകുപ്പ്,മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ,തിരുവനന്തപുരം
സെക്രട്ടറി. കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത്
ധനകാര്യ(നോഡൽസെന്റർ-സി)വകുപ്പ്(ഫയൽ നം.: 627/എൻ.സി.സി1/2017-ധന തീയതി 10.05.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ.